'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എല്ലൂർ മുനിസിപ്പാലിറ്റി - പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള രണ്ട് കുടുംബത്തിന് വീട് വക്കുന്നതിന് സ്ഥലം വാങ്ങാൻ ധനസഹായം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1091/2019/LSGD തീയതി,തിരുവനന്തപുരം, 29/05/2019

---

പരാമർശം:- 1 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30/01/2019ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27/02/2019ലെ തീരുമാനം നമ്പർ 4.30

**ഉത്തരവ്**

എല്ലൂർ മുനിസിപ്പാലിറ്റിയുടെ 2018-19 വാർഷിക പദ്ധതിയിലെ പട്ടിക വർഗ്ഗ വിഭാഗത്തിന് വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കായി 6 ലക്ഷം രൂപ വീതം 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി പ്രകാരം കുറഞ്ഞത് 2 സെന്റ് സ്ഥലം ഗുണഭോക്താവ് നേരിട്ട് വാങ്ങുമ്പോൾ 6 ലക്ഷം രൂപ സ്ഥലം വിൽക്കുന്ന ആളുടെ അക്കൗണ്ടിലേക്ക് നൽകുന്നരീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം 1 പ്രകാരം എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. 27/02/2019ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2)ലെ തീരുമാനപ്രകാരം, പട്ടികവർഗ്ഗ വിഭാഗത്തിന് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പട്ടികജാതി വികസന വകുപ്പിന്റെ നിരക്ക് പാലിക്കേണ്ടതാണെന്നും പട്ടികവർഗ്ഗ വിഭാഗത്തിലെ ലൈഫ് രണ്ടാം ഘട്ടത്തിലെ (ഭൂമിയുള്ള ഭവന രഹിതർ) മുഴുവൻ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ചു നൽകാൻ മതിയായ തുക മാറ്റി വച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണമെന്നുമുള്ള നിബന്ധനകളോടെ എല്ലൂർ മുനിസിപ്പാലിറ്റിയുടെ

2018-19 വാർഷിക പദ്ധതിയിലെ പട്ടിക വർഗ്ഗ വിഭാഗത്തിന് വീട്ടു വയ്ക്കുന്നതിന് സ്ഥലം വാങ്ങൽ പദ്ധതി ( പ്രൊ.350/2019)നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

നഗരകാര്യഡയറക്ടർ

സെക്രട്ടറി, ഏലൂർ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎക്ക്